എരുമേലി റേഞ്ച് ഓഫീസിനു പുതിയ കെട്ടിടം പണിയാൻ നടപടി

58. [2356] ശ്രീ. കെ. ജെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഒരു സർക്കാർ ആഫീസ് പ്രവർത്തിക്കുന്നതിന് ആവശ്യമായ യാതൊരു സൗകര്യവുമില്ലാത്ത എരുമേലി റേഞ്ച് ഓഫീസിന് പുതിയ കെട്ടിടവും സ്റ്റാഫ് കാർട്ടേഴ്സും പണിയുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

ഇക്കാര്യം പരിഗണിക്കാം.

വനനാശം മൂലം ഉണ്ടാകുന്ന മണ്ണൊലിപ്പ്

59. [2357] ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, കൃഷ്ണൻ കണിയാമ്പറമ്പിൽ :
ശ്രീമതി റോസമ്മ പുന്നൂസ് :
ശ്രീ. എൻ. ശിവൻപിള്ള :
,, പി. രവീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനനാശം മൂലം മണ്ണൊലിപ്പ് ഉണ്ടാകാറുണ്ടോ ;

(ബി) ഇത്തരത്തിലുള്ള മണ്ണൊലിപ്പുമൂലം പ്രതിവർഷം എത്ര ടൺ മണ്ണ് നഷ്ടപ്പെടുന്നതായി കണക്കാക്കിയിട്ടുണ്ട് ;

(സി) ഇങ്ങനെ മണ്ണൊലിപ്പുമൂലം എത്രമാത്രം ലവണങ്ങളാണ് നഷ്ടപ്പെടുന്നതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ടെന്നു കരുതപ്പെടുന്നു.

(ബി) ആൻറ് (സി) ഇതേക്കുറിച്ച വ്യക്തമായ വിവരം ലഭ്യമല്ല.

ഫോറസ്റ്റ് സ്റ്റേഷനുകൾ

60. [2358] ശ്രീ. കെ. ജെ. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1990-91 സാമ്പത്തിക വർഷത്തിൽ ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഏതെല്ലാം ജില്ലകളാണ് തെരഞ്ഞെടുത്തത് ;

(ബി) ഇതിൽ ഏതേതു ജില്ലകളിൽ ഇതിനകം ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിച്ചു എന്നു വ്യക്തമാക്കുമോ ;

(സി) ബാക്കി സ്ഥാപിക്കാനുള്ള ജില്ലകളിൽ എന്ന് സ്ഥാപിക്കുമെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇടുക്കി, തൃശ്ശൂർ, എറണാകുളം, പാലക്കാട്, വയനാട് ജില്ലകളിൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ സർക്കാരിന് പരിപാടിയുണ്ടായിരുന്നു.

(ബി) സാമ്പത്തിക ഞെരുക്കം മൂലം ഈ ജില്ലകളിൽ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ സാധിച്ചിട്ടില്ല.

(സി) സാമ്പത്തിക ലഭ്യത അനുസരിച്ച് ഘട്ടംഘട്ടമായി എല്ലാ ജില്ലകളിലും ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതാണ്.

വനം വകുപ്പിന്റെ കീഴിൽ ഉള്ള സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ

61. [2359] ശ്രീ. കെ. ജെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിന്റെ കീഴിൽ സ്പെഷ്യൽ കംപോണന്റ് പ്ലാനിലും ട്രൈബൽ സബ്പ്ലാനിലും സംസ്ഥാനത്ത് തുക ചെലവഴിക്കുന്നുണ്ടോ ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം ഈ ഇനങ്ങളിൽ എത്ര തുക ചെലവഴിച്ചു ;

(സി) എന്തെല്ലാം പ്രവർത്തികൾക്കാണ് ഇങ്ങനെ തുക ചെലവഴിച്ചിട്ടുള്ളത് ;

(ഡി) കോട്ടയം ജില്ലയിൽ അടുത്ത വർഷം ഈ ഇനങ്ങളിൽ ഏതെല്ലാം പ്രവർത്തികളാണ് ചെയ്യാൻ ഉദ്ദേശിക്കുന്നത് ;

(ഇ) കോട്ടയം ജില്ലയിൽ വനപ്രദേശങ്ങളുള്ള എരുമേലി, മുണ്ടക്കയം പഞ്ചായത്തുകളിലെ ഗിരിജൻ മേഖലകളിലും ഹരിജൻ കോളനികളിലും ഉള്ള വികസന പ്രവർത്തനങ്ങൾ നടത്താൻ നടപടി സ്വീകരിക്കുമോ ;

(എഫ്) ഈ പ്രദേശത്ത് പ്രസ്തുത ഇനങ്ങളിൽ എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) കഴിഞ്ഞ വർഷം (1989-90) സ്പെഷ്യൽ കംപോണന്റ് പ്ലാനിൽ 38.032 ലക്ഷം രൂപയും ട്രൈബൽ സബ്പ്ലാനിൽ 26.059 ലക്ഷം രൂപയും ചെലവഴിച്ചു.

(സി) ഹരിജൻ, ഗിരിജൻ, കോളനികളിൽ വീടുകൾ, കിണറുകൾ കമ്മ്യൂണിറ്റി ഹാളുകൾ, സ്കൂളുകൾ, ബാലവാടി കെട്ടിടങ്ങൾ തുടങ്ങിയവ നിർമ്മിക്കുന്നതിനും, കോളനികളിലേക്കുള്ള റോഡ് നിർമ്മിക്കുന്നതിനും അവയുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, അഗ്നിപ്രതിരോധപ്രവർത്തനത്തിന് പട്ടികജാതി പട്ടികവർഗ്ഗക്കാരെ ഫയർവാച്ചർമാരായി നിയമിക്കുന്നതിനും, കോളനിക്കു ചുറ്റും ഏലിഫെൻസ് ട്രഞ്ച്, ലൈവ് വയർ ഫെൻസിംഗ് തുടങ്ങിയവ നിർമ്മിക്കുന്നതിനും, കോളനിയിൽ കുരുമുളക് മുതലായവ വെച്ചു പിടിപ്പിക്കുന്നതിനും പച്ചമരുന്നു തോട്ടങ്ങൾ നിർമ്മിക്കുന്നതിനുമാണ് തുക ചെലവഴിച്ചിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly